# സംസ്ഥാന സഹകരണ യൂണിയൻ, കേരള

## തിരുവനന്തപുരം.

## *ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (ജെ.ഡി.സി.) കോഴ്സ് 2018-19 അപേക്ഷ ക്ഷണിക്കുന്നു.*

2018 ജൂൺ മാസത്തിൽ ആരംഭിക്കുന്ന ജൂനിയർ ഡിപ്ലോമ ഇൻ കോ-ഓപ്പറേഷൻ (ജെ.ഡി.സി) കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷാഫാറം 2018 ഫെബ്രുവരി മാസം 15-ാം തീയതി മുതൽ 2018 മാർച്ച് 31-ാം തീയതി വരെ എല്ലാ സഹകരണ പരിശീലന കേന്ദ്രങ്ങളിലും, പാലാ, തിരൂർ, ആറൻമുള, നോർത്ത പറവൂർ, തലശ്ശേരി എന്നീ കോളേജുകളിൽ നിന്നും ലഭിക്കുന്നതാണ്.

അപേക്ഷകർ എസ്.എസ്.എൽ.സി. പാസ്സായവരും (ഗ്രേഡിംഗ് സമ്പ്രദായത്തിൽ എല്ലാ വിഷയങ്ങൾക്കും ഡി + ഗ്രേഡെങ്കിലും നേടി ജയിച്ചവരായിരിക്കണം 2018 ജൂൺ മാസം 1ന് 16 വയസ്സ് പൂർത്തിയായവരും, 40 വയസ്സ് കഴിഞ്ഞിട്ടില്ലാത്തവരുമായിരിക്കണം. ഉയർന്ന പ്രായപരിധി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെത് 45 വയസ്സും, ഒ.ബി.സി. വിഭാഗക്കാർക്ക് 43 വയസ്സും, സഹകരണ സംഘം ജീവനക്കാർക്ക് ഉയർന്ന പ്രായപരിധി ബാധകമല്ല. ജനറൽ (മെരിറ്റ്), പട്ടികജാതി/പട്ടികവർഗ്ഗം, സഹകരണ സംഘം ജീവനക്കാർ എന്നീ മൂന്ന് വിഭാഗങ്ങളിലേക്കുളള അപേക്ഷാഫാറങ്ങൾ തിരുവനന്തപുരം (കുറവൻകോണം, കവടിയാർ.പി.ഒ, ഫോൺ - 0471-2436689), കൊട്ടാരക്കര (അവന്നൂർ, കൊട്ടാരക്കര ഫോൺ - 0474-2454787), ആറൻമുള (എൻ.എസ്.എസ്.കരയോഗ മന്ദിരം, ആറൻമുള 0468-2278140) ചേർത്തല (ദീപിക ജംഗ്ഷൻ, ചേർത്തല ഫോൺ-0478-2813070), കോട്ടയം (നാഗമ്പടം, കോട്ടയം, ഫോൺ-0481-2564738), പാല (മീനച്ചിൽ കോംപ്ളക്സ്, പാല, ഫോൺ-0482-2213107), ഇടുക്കി ( സർക്കിൾ സഹകരണയൂണിയൻ മന്ദിരം, പടിഞ്ഞാറെക്കവല, നെടുങ്കണ്ടം, ഫോൺ. 04868 234311), നോർത്ത് പറവൂർ (സഹകാരി ഭവൻ, നോർത്ത് പറവൂർ, എറണാകുളം ഫോൺ-0484-2447866) , തൃശ്ശൂർ (സിവിൽ ലൈൻ റോഡ്, അയ്യന്തോൾ, ഫോൺഃ0487ഃ2380462), പാലക്കാട് (കോളേജ് റോഡ്, ഫോൺ -0491-2522946), തിരൂർ (സഹകരണ ഭവൻ, മാവും കുന്ന് തിരൂർ, മലപ്പുറം, ഫോൺ-0494-2423929, കോഴിക്കോട് (തളി, ഫോൺ-0495-2702095),തലശ്ശേരി (മണ്ണയാട്, നെട്ടൂർ.പി.ഒ, ഫോൺ. 0490-2354065 കണ്ണൂർ (സൗത്ത് ബസാർ, ഫോൺ-0497-2706790), വയനാട് (കരണി, ഫോൺ-04936-289725), കാസർഗോഡ് (മുന്നാട്, ചെങ്കള ഫോൺ-04994-207350) എന്നീ സ്ഥലങ്ങളിലെ സഹകരണ

പരിശീലന കേന്ദ്രങ്ങളിൽ/കോളേജുകളിൽ നിന്നും അപേക്ഷകൾ നേരിട്ട് ജനറൽ വിഭാഗം 75 രൂപയ്ക്കും, തപാൽമാർഗ്ഗം 105/രൂപയ്ക്കും, പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് നേരിട്ട് 50/- രൂപയ്ക്കും, തപാൽമാർഗ്ഗം 80/- രൂപയ്ക്കും, സഹകരണ സംഘം ജീവനക്കാർക്ക് 150/- രൂപയ്ക്കും, തപാൽമാർഗ്ഗം 180/- രൂപയ്ക്കും 2018 ഫെബ്രുവരി 15 -ാം തീയതി മുതൽ മാർച്ച് 31 വരെ ലഭിക്കുന്നതാണ്. മണി ഓർഡർ 2018 മാർച്ച് മാസം 20-ാം തീയതി വരെ മാത്രമേ സ്വീകരിക്കുകയുള്ളൂ. **സംസ്ഥാന സഹകരണ യൂണിയൻ ഹെഡ്ഡാഫീസിൽ നിന്നും അഷേക്ഷാഫാറം ലഭിക്കുന്നതല്ല.** പൂരിപ്പിച്ച അപേക്ഷാ ഫാറങ്ങൾ, പ്രോസ്പെക്ടസിൽ (നിബന്ധനകളിൽ) നിർദ്ദേശിച്ചിട്ടുള്ള രേഖകൾ സഹിതം ബന്ധപ്പെട്ട സഹകരണ പരിശീലന കേന്ദ്രം/കോളേജ് പ്രിൻസിപ്പലിന്റെ മേൽ വിലാസത്തിൽ 2018 മാർച്ച് 31-ാം തീയതി വൈകുന്നേരം 5.00 മണിക്കോ അതിന് മുമ്പോ, നേരിട്ടോ, തപാൽ മുഖേനയോ ലഭിച്ചിരിക്കേണ്ടതാണ്.

***സ്പോർട്സ് ക്വാട്ടയിലേക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേയ്ക്ക് പ്രവേശനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നവർ അവരുടെ അപേക്ഷകൾ സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, ചെങ്കൽചൂള, തിരുവനന്തപുരം - 1 എന്ന മേൽവിലാസത്തിൽ അയയ്ക്കേണ്ടതാണ്. പ്രസ്തുത അപേക്ഷയുടെയും, സർട്ടിഫിക്കറ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറിക്ക് മേൽപ്പറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ സമർപ്പിക്കേണ്ടതാണ്.സ്പോർട്സ് വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്ക് ജനറൽ വിഭാഗത്തിൽ പ്രവേശനം ലഭിക്കണമെന്നുണ്ടെങ്കിൽ ആയതിന് പ്രത്യേകം അപേക്ഷാഫാറം അയയ്ക്കേണ്ടതാണ്.***

മണി ഓർഡർ അയക്കുന്നവർ ഫാറം ആവശ്യമുള്ള ആളിന്റെ പേരും, പൂർണ്ണ മേൽ വിലാസവും ഏത് വിഭാഗത്തിലെ അപേക്ഷാ ഫാറമാണ് വേണ്ടത് എന്നുള്ള വിവരവും മണി ഓർഡർ കൂപ്പണിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിശദ വിവരങ്ങൾ സഹകരണ പരിശീലന കേന്ദ്രങ്ങൾക്കും, കോളേജുകൾക്കും പുറമേ സംസ്ഥാന സഹകരണ യൂണിയൻ ഹെഡ്ഡാഫീസ്, സഹകരണ യൂണിയന്റെ വെബ്സൈറ്റിൽ (www.scukerala.org )അപ്പെക്സ് സ്ഥാപനങ്ങൾ, ജില്ലാ സഹകരണ ബാങ്കുകൾ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ), സഹകരണ സംഘം അസി. രജിസ്ട്രാർ (ജനറൽ) എന്നിവരുടെ ആഫീസുകളിൽ ലഭ്യമാണ്.

**അഡീഷണൽ രജിസ്ട്രാർ - സെക്രട്ടറി.**

**തിരുവനന്തപുരം**

**8.2.2018**